ബസ് ചാർജ് വർദ്ധനവ്

199(5788)ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിൽ കെ.എസ്.ആർ.റ്റി.സി. ബസ്സുകളിലെ മിനിമം ചാർജ് എത്രയായിരുന്നു ;

(ബി) ഇപ്പോൾ കെ.എസ്.ആർ.റ്റി.സി.-യിലെ മിനിമം ചാർജ് എത്രയാണ് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.റ്റി.സി.-യിലെ ഓരോ ബസ്സ് ചാർജ് വർദ്ധനവും പ്രാബല്യത്തിൽ വന്ന തീയതികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 മേയ് മാസത്തിലെ മിനിമം ചാർജ്ജ് ചുവടെ ചേർക്കുന്നു :

സർവ്വീസിന്റെ തരം	മിനിമം നിരക്ക് (രൂപ)
സിറ്റി/ഓർഡിനറി	4
സിറ്റി ഫാസ്റ്റ്	5
ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ	5
സൂപ്പർ ഫാസ്റ്റ്	10
സൂപ്പർ എക്സ്പ്രസ്	15
സൂപ്പർ ഡീലക്സ്	20
ലക്ഷ്വറി/ഹൈടെക് എ.സി.	30
വോൾവോ	30

(ബി) ഇപ്പോഴത്തെ മിനിമം ചാർജ്ജ് ചുവടെ ചേർക്കുന്നു :

സർവ്വീസിന്റെ തരം	മിനിമം നിരക്ക് (രൂപ)
(1)	(2)
സിറ്റി/ഓർഡിനറി	7
സിറ്റി ഫാസ്റ്റ്	7
ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ	10
സൂപ്പർ ഫാസ്റ്റ്	13

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
സൂപ്പർ എക്സ്പ്രസ്	20
സൂപ്പർ ഡീലക്സ്	28
ലക്ഷ്വറി/ഹൈടെക് എ.സി.	40
വോൾവോ	40

(സി) 8-8-2011, 11-11-2012, 20-5-2014

റീച്ച് ഓൺ ഫാസ്റ്റ് ബസ്

200(5789) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ "റീച്ച് ഓൺ ഫാസ്റ്റ് ബസ് " എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുകയാണ് ഈ സംരംഭം വഴി ഉദ്ദേശിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യും ട്രാകോൺ കൊറിയർ എന്ന കമ്പനിയും ചേർന്നുള്ള സംയുക്ത സംരഭമായതിനാൽ മേൽ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും 7-7-2015-ൽ ബഹു. മുഖ്യമന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്യുകയും ഇതിന്റെ മറ്റ ക്രമീകരണങ്ങൾ ദ്രുതഗതിയിൽ നടത്തിവരികയും ചെയ്യുന്നു.

ഫെയർ സ്റ്റേജ് നിർണ്ണയവും ടിക്കറ്റ് വർദ്ധനയും

201(5790) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഓർഡിനറി മുതൽ എക്സ്പ്രസ്സ് വരെയുള്ള വിവിധ ബസ്സുകളുടെ നിരക്കും നിരക്കിന്റെ അടിസ്ഥാനത്തിൽ യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ട ദൂരവും എത്രയായിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly